## തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ
**(ഹാജർ : ബിനു ഫ്രാൻസിസ്)**

തിരുവനന്തപുരം നഗരസഭ – നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് സംബന്ധിച്ച്.

---

നം. CS/10/21. തിരുവനന്തപുരം, തീയതി 24/05/2021

---

പരാമർശം:– 1) 14/03/2021–ന് കൂടിയ ബഹു ചീഫ് സെക്രട്ടറിതല കമ്മിറ്റിയുടെ തീരുമാനം.
2) കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 340(A)&(B)

### ഉത്തരവ്

കേരളത്തിലെ ഏറ്റവും വലിയ നഗരസഭയും, തലസ്ഥാന നഗരവുമാണ് തിരുവനന്തപുരം നഗരസഭ. നഗരസഭയുടെ വിവിധ ഭാഗങ്ങങ്ങളിൽകൂടി വലുതും ചെറുതുമായ നദികളും തോടുകളും കൂടാതെ ധാരാളം ജലാശയങ്ങളും ഉണ്ട്. നഗരഹൃദയത്തിൽ കൂടിയും ഇത്തരത്തിലുള്ള വിവിധ തോടുകൾ ഒഴുകി പോകുന്നുണ്ട്.

നഗരത്തിലെ വിവിധ തരത്തിലുള്ള പ്രർത്തനങ്ങളുടെ ഭാഗമായി ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാതെ പലപ്പോഴും പൊതു സ്ഥലങ്ങളിൽ കൊണ്ടിടുകയാണ് പതിവ്. വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന മാലിന്യങ്ങൾ ഇത്തരത്തിൽ പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നതായും ആയത് പരിസ്ഥിതിയ്ക്ക് വലിയ രീതിയിൽ കോട്ടം വരുന്നതായും മഴക്കാലങ്ങളിൽ ജലത്തിന്റെ ഒഴുക്കിന് വിഘാതം വന്ന് വെള്ളക്കെട്ടിന് കാരണമാകുന്നതായും കാണുന്നു.

14/01/2021–ന് കൂടിയ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല ദുരന്ത നിവാരണ കമ്മിറ്റിയുടെ യോഗത്തിൽ ഇതിനെതിരെ ശക്തമായി നടപടി സ്വീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇവരുടെ പേരു വിവരവും അവരുടെ ചുമതലയുള്ള മേഖലകളും നോട്ടിഫൈ ചെയ്യണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ വിവിധ കേസുകളിൽ ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഇത്തരത്തിൽ ജലാശയങ്ങൾ മലിനമാക്കുന്നത് ഗൗരവമായി കാണണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ വ്യക്തിപരമായ ബാധ്യതയായി കാണുന്നതാണെന്നും നിരീക്ഷിച്ചിട്ടുണ്ട്. ആയതിനനുസൃതമായ രീതിയിൽ സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയുടെ വിവിധ ഭാഗങ്ങളിലെ ജലാശയങ്ങളും തോടുകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ജലാശയത്തിന്റെ/തോടിന്റെ/നദിയുടെ പേരും ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പേരുവിവരവും ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**ഉദ്യോഗസ്ഥരുടെ ചുമതലകൾ ചുവടെ വിവരിക്കുന്നു**

1) പ്രസ്തുത പ്രദേശങ്ങളിൽ യാതൊരു കാരണവശാലും ജലാശയങ്ങളിലും തോടുകളിലും മാലിന്യം കൊണ്ട് തട്ടുന്നില്ല/നിക്ഷേപിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
2) പ്രസ്തുത സ്ഥലങ്ങളിൽ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ/നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുക.
3) പ്രസ്തുത സ്ഥലങ്ങളിൽ ഏതെങ്കിലും സാഹചര്യത്തിൽ മാലിന്യം കൊണ്ട് തട്ടുന്ന പക്ഷം ആയത് കണ്ടെത്തി അടിയന്തിരമായി എടുത്തുമാറ്റുക.
4) ഇത്തരത്തിൽ മാലിന്യം കൊണ്ടിടുന്നവരുടെ പേരു വിവരം ശേഖരിച്ച് അവർക്കെതിരെ ക്രിമിനലും അല്ലാത്തതുമായ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്ത് ആയതിന്റെ ഒരു പകർപ്പും റിപ്പോർട്ടും സെക്രട്ടറിയ്ക്ക് അന്നേദിവസം സമർപ്പിക്കുക
5) ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവരുടെ പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിനോടൊപ്പം കേരള മുനിസിപ്പാലിറ്റീസ് നിയമം, വകുപ്പ് 340(എ) പ്രകാരവും 340 പ്രകാരവും ഈടാക്കാൻ കഴിയുന്ന പിഴ ഈടാക്കി വിവരം സെക്രട്ടറിയെ അന്നേ ദിവസം അറിയിക്കുക.

ഇത്തരം പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കപ്പെടുന്നപക്ഷം ആയതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർക്കായിരിക്കുന്നതാണ്. ആയത് തടയുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയതിൽ വീഴ്ചയുണ്ടാകുന്നപക്ഷം വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണ്. ഇതിനാവശ്യമായ പൂർണ്ണ സംവിധാനം ഹെൽത്ത് സൂപ്രണ്ട്/ഹെൽത്ത് ഓഫീസർ എന്നിവർ നൽകേണ്ടതാണ്.

**സെക്രട്ടറി.**

ഉള്ളടക്കം:- ജീവനക്കാരുടെ പട്ടികയും സ്ഥലവും.

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:-ബഹു. മേയറുടെ മേശപ്പുറത്ത്
ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ.

## തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ
### (ഹാജർ : ബിനു ഫ്രാൻസിസ്)

തിരുവനന്തപുരം നഗരസഭ – എൻഫോഴ്സ്മെന്റ് നടപടി ശക്തമാക്കുന്നത് – സംബന്ധിച്ച്

==========================================================================

നം. CS/13/21. തിരുവനന്തപുരം, തീയതി 27/05/2021

==========================================================================

### ഉത്തരവ്

തിരുവനന്തപുരം നഗരസഭ പരിധിയിൽ ധാരാളം ജലാശയങ്ങളും തോടുകളും നദികളും ഉണ്ട്. ഇത് പലപ്പോഴും സാമൂഹ്യ വിരുദ്ധർ ഖരമാലിന്യവും ദ്രവമാലിന്യവും നിക്ഷേപിച്ച് മലിനമാക്കുന്നുണ്ട്. കൂടാതെ പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിച്ച് പരിസരമലിനീകരണവും അതുവഴി മറ്റ് രോഗങ്ങൾക്കും കാരണമായി തീരുന്നു. ഇത് പൂർണ്ണമായും തടയേണ്ടതും സംരക്ഷിക്കേണ്ടതുമായ ചുമതല കേരള മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം നഗരസഭ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഇതിനായി കേരള മുനിസിപ്പാലിറ്റി ആക്ടിൽ സെക്ഷൻ 326 മുതൽ 345 വരെ വിവിധ അധികാരങ്ങൾ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. ഇതു പ്രകാരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും (പ്രോസിക്യൂഷനും പിഴയും) മറ്റു നടപടികൾ സ്വീകരിക്കുന്നതിനും അധികാരമുള്ളതാണ്. എന്നാൽ പലപ്പോഴും ഇത് ഫലപ്രദമായി ചെയ്തു കാണുന്നില്ല. ആയതിനാൽതന്നെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനും നഗരത്തിന്റെ പരിസ്ഥിതിയേയും സൗന്ദര്യത്തേയും ഹാനികരമായി ബാധിക്കുന്നതിനും കാരണമാകുന്നു.

കേരള മുനിസിപ്പാലിറ്റീസ് ആക്ട് വകുപ്പ് 340 പ്രകാരം ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ സ്പോട്ട് ഫൈൻ ഈടാക്കാവുന്നതാണ്. കൂടാതെ വകുപ്പ് 340(എ) പ്രകാരം ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കോഗനൈസിബിൾ ഒഫൻസായും ജാമ്യമില്ലാത്ത കുറ്റമായി കണക്കാക്കാവുന്നതും 50000/– രൂപ വരെ പിഴ വിധിക്കാവുന്നതുമാണ്. എന്നാൽ ഇത്തരം ശിക്ഷാ നടപടികൾ ഫലപ്രദമായി വിനിയോഗിച്ച് കണ്ടുവരുന്നില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന വിവിധ വകുപ്പുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ബന്ധപ്പെട്ട സർക്കിളുകളിലെ എച്ച്.ഐ–മാരെ ചുമതലപ്പെടുത്തുന്നു. പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിയുടെ അനുവാദത്തോടെ ചെയ്യേണ്ടതും പോലീസ് സ്റ്റേഷനിൽ നേരിട്ട് പരാതി നൽകുന്നതിന് സർക്കിൾ തലവന്മാരെ, എച്ച്.ഐ–മാരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു. കൂടാതെ സ്പോട്ട് ഫൈനും മറ്റ് പിഴയും ഈടാക്കാവുന്നതിനുള്ള അധികാരവും ബന്ധപ്പെട്ട എച്ച്.ഐ മാർക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു.

എച്ച്.ഐ മാർക്ക് സ്പോട്ട് ഫൈൻ ഉൾപ്പെടെയുള്ള പിഴകൾ ശേഖരിക്കുന്നതിന് നഗരസഭയുടെ ഔദ്യോഗിക റസീപ്റ്റ് ബുക്ക് നൽകുന്നതും ആയതനുസരിച്ച് പിഴ ശേഖരിച്ച് റസീപ്റ്റ് കുറ്റകാർക്ക് നൽകേണ്ടതും ശേഖരിക്കുന്ന തുക അടുത്ത ദിവസങ്ങളിൽ നഗരസഭ അക്കൗണ്ട്സ് സെക്ഷനിൽ ഏൽപ്പിക്കേണ്ടതുമാണ്.

പ്രസ്തുത പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നഗരസഭയുടെ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ. പ്രകാശിനെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
**സെക്രട്ടറി.**

സ്വീകർത്താവ്

1) ശ്രീ. പ്രകാശ്, ഹെൽത്ത് സൂപ്പർവൈസർ
2) അക്കൗണ്ട്സ് ഓഫീസർ
3) ബന്ധപ്പെട്ട എച്ച്.ഐ മാർ

പകർപ്പ്:–ബഹു. മേയറുടെ മേശപ്പുറത്ത്
ഡെപ്യൂട്ടി മേയർ
ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
ഹെൽത്ത് ഓഫീസർ.

SRN/31-05-2021/5:44 PM